പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1220

06-03-2018-ലെ മറുപടിയ്ക്ക്

## കൃഷി വകുപ്പ് യോഗങ്ങൾ വീഡിയോ കോൺഫറൻസ് വഴി നടത്താൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി.കൃഷ്ണൻ** | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരത്ത് വച്ച് മാസത്തിൽ വിവിധ യോഗങ്ങൾ നടക്കുന്നതിനാൽ പ്രസ്തുത യോഗങ്ങളിൽ പങ്കെടുക്കാൻ ജില്ലയിലെ മുതിർന്ന ഉദ്യോഗസ്ഥർ വരുന്നത് കാരണം ബന്ധപ്പെട്ട ഓഫീസുകളിൽ ഉദ്യോഗസ്ഥർ ഉണ്ടാകുന്നില്ല എന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;<br>(ബി) ഈ പരാതി പരിഹരിക്കാൻ പ്രധാന യോഗങ്ങൾ ഒഴികെയുള്ള യോഗങ്ങൾ വീഡിയോ കോൺഫറൻസ് വഴി നടത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (എ) & (ബി) കൃഷിവകുപ്പിലെ ജില്ലാതല ഉദ്യോഗസ്ഥരായ പ്രിൻസിപ്പൽ കൃഷി ആഫീസർമാരെ ഓരോ മാസവും കൃഷി ഡയറക്ടർ വിളിച്ചുകൂട്ടുന്ന പ്രതിമാസ അവലോകന യോഗങ്ങൾക്കാണ് തിരുവനന്തപുരത്തേക്ക് വിളിക്കാറുള്ളത്. കൂടാതെ അടിയന്തര ഘട്ടങ്ങളിൽ ഭരണപരമായ സൗകര്യത്തിനും പദ്ധതി പുരോഗതി നിർണ്ണയത്തിനും പ്രത്യേക അവലോകന യോഗങ്ങൾക്കായി സർക്കാരും കൃഷി ഡയറക്ടറും ജില്ലാതല ഉദ്യോഗസ്ഥരായ പ്രിൻസിപ്പൽ കൃഷി ആഫീസർമാരെ ഒരുമിച്ചും പ്രത്യേകമായും വിളിക്കാറുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ ജില്ലയിൽ നിന്നും ഒന്നോ രണ്ടോ ദിവസത്തേയ്ക്ക് വിട്ടുനിൽക്കുന്ന പ്രിൻസിപ്പൽ കൃഷി ആഫീസർമാരുടെ "Current duties" നിർവ്വഹിക്കാനുള്ള ചുമതല ജില്ലാ ആഫീസിലെ മറ്റൊരു സീനിയർ ഉദ്യോഗസ്ഥന് കൈമാറി വേണം ഹെഡ്ക്വാർട്ടേഴ്സ് വിടേണ്ടത് എന്ന് നിലവിൽ നിർദേശവുമുണ്ട്.<br>വീഡിയോ കോൺഫറൻസ് വഴി മാത്രം അവലോകനം നടത്തുക എന്നുള്ളത് എപ്പോഴും പ്രായോഗികവും ഫലപ്രദവുമായിരിക്കില്ല. നേരിട്ടും മുഖദാവിലുമുള്ള അവലോകനം ഓരോ പദ്ധതിയുടേയും ഘടകം, ഉപഘടകം തിരിച്ചുള്ള പദ്ധതി നിർവ്വഹണത്തിനും തുടർനടപടി സ്വീകരിക്കുന്നതിനും അത്യന്താപേക്ഷിതമാണ്. |

എന്നാൽ അടിയന്തര ഘട്ടങ്ങളിൽ വിവരങ്ങൾ ശേഖരിക്കുന്നതിനും പുതിയ പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകുന്നതിനും മറ്റും നിലവിൽ ഐ റ്റി മിഷന്റെ നേതൃത്വത്തിലുള്ള വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഉപയോഗിക്കാറുണ്ട്.

**സെക്ഷൻ ഓഫീസർ**